കോളേജുകളുടെ പേരുവിവരം	വിദ്യാർത്ഥികളുടെ എണ്ണം	ജാതിവിവരം ലിസ്റ്റ്
ഉ ര്. സെൻറ് തോമസ് കോളേജ്, പാലാ		
	ഉ	അയ്യനവർ ഫ
ആകെ	ഉ ന്യ വ	ആകെ ഉ ന്യ വ

പാഠപുസ്തക വിതരണം

*ഫ ഫ ര ര. (ഇൻ) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) മലയാളം പ്രൈമറി ക്ലാസ്സുകളിലെ പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം ഗവൺമെണ്ടിൽനിന്നും സൗജന്യമായി ഇക്കൊല്ലം കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ;

(സി) എത്ര വിദ്യാർത്ഥികൾക്ക്?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ, ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പാഠപുസ്തകം സൗജന്യമായി കൊടുത്തുവരുന്നുണ്ട്.

(സി) ഈ ചോദ്യത്തിന് ഉത്തരം നല്കുന്നതിനു വേണ്ടിവരുന്ന സമയവും ക്ലേശവും അതിനാൽ ഉണ്ടാകാവുന്ന പ്രയോജനത്തിനു തീരെ അപര്യാപ്തമാണ്.

തോക്കുപയോഗത്തിനുള്ള ലൈസൻസ്

*ഫ ഫ ര ഉ. (ന ര) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൃഷിക്കാർ കൃഷിയാവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്ന തോക്കുകളെല്ലാം ഡിപ്പോസിറ്റ് ചെയ്തിച്ചിട്ടുള്ളതായിട്ടറിയാമൊ;

(ബി) അതിൽ പലരുടെയും ലൈസൻസ് ക്യാൻസൽ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു കാരണമെന്ത്?

ചീഫ് മിനിസ്റ്റർ ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൃഷിയാവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിച്ചുവരുന്ന തോക്കുകൾ ഡിപ്പോസിറ്റ് ചെയ്തിച്ചിട്ടില്ല.

(ബി & സി) ഉത്തരം ഉദിക്കുന്നില്ല.

മോണോസൈറ്റ് ഫാക്ടറികൾ

*ഫ ഫ ര ന. (ന വ) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമൊ —

(എ) ഗവൺമെണ്ടിന്റെ കൈവശം ഇപ്പോൾ എതെല്ലാം മോണോസൈറ്റ് ഫാക്ടറികൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly